പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5217 — 26.03.2018 ൽ മറുപടിക്ക്

## കേന്ദ്ര-സംസ്ഥാന സംയുക്ത റെയിൽവേ കമ്പനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പുതിയ റെയിൽവേ നയത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സംയുക്ത കമ്പനി നിലവിൽ വന്നശേഷം പ്രസ്തുത കമ്പനി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ താഴെപറയുന്നവയാണ്.<br>1. തലശ്ശേരി - മൈസൂർ ബ്രോഡ് ഗേജ് പാത<br>2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കപ്പുറമേ മൂന്നും നാലും ലൈനുകൾ<br>3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി<br><br>സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ ഉൾപ്പെടെ മുകളിൽ പ്രസ്താവിച്ച പദ്ധതികളുടെ പ്രാഥമിക സാധ്യതാ പഠന റിപ്പോർട്ടുകൾ റെയിൽവേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിന്മേൽ റെയിൽവേ ബോർഡിൽ നിന്നുള്ള പ്രതികരണം ഇനിയും ലഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതികളിൽ ഇതിനകം പണി പൂർത്തിയാക്കിയവ ഏവ എന്നും പണി ആരംഭിച്ച പദ്ധതികൾ ഏതൊക്കെ എന്നും വിശദമാക്കാമോ? | (ബി) പദ്ധതികൾ ഒന്നും ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ